"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-സമാശ്വാസ തൊഴിൽദാന പദ്ധതി- വനം വന്യജീവി വകുപ്പിൽ കണ്ണൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ ക്ലർക്കായി സേവനത്തിലിരിക്കെ അന്തരിച്ച ശ്രീ. മഹറൂഫ്.കെ യുടെ ഭാര്യ ശ്രീമതി.ഹബീബ.വി.പി.യ്ക്ക് വനം വന്യജീവി വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.41/2022/F&WLD — തീയതി,തിരുവനന്തപുരം, 21-07-2022.

---

പരാമർശം:-

1. സ.ഉ.(പി) നം.12/99/പി & എ.ആർ.ഡി തീയതി 24.05.1999.
2. ശ്രീമതി.ഹബീബ.വി.പി, വടക്കേകോവൽ(നിയർ), എ.ജി.കളം, തൃക്കരിപ്പൂർ പി ഒ, കാസർഗോഡ്-671 310 സമർപ്പിച്ച 24.02.2021 ലെ അപേക്ഷയും അനുബന്ധ രേഖകളും.
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 30.01.2022 ലെ ഇ6/321/2022 നമ്പർ കത്തും അനുബന്ധ രേഖകളും.
4. കാസർഗോഡ് ജില്ലാ കളക്ടറുടെ 10.06.2022 ലെ DCKSGD/4704/2022-A5 നമ്പർ കത്തും അനുബന്ധ രേഖകളും.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിൽ കണ്ണൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ ക്ലർക്കായി സേവനത്തിലിരിക്കെ 26.03.2020ന് മരണപ്പെട്ട ശ്രീ. മഹറൂഫ്.കെയുടെ ഭാര്യ ശ്രീമതി. ഹബീബ.വി.പി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം (3) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൻമേൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം കാസർഗോഡ് ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

2. പയ്യന്നൂർ തഹസീൽദാരുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം, മരണപ്പെട്ട ജീവനക്കാരന്റെ അനന്തരാവകാശികൾ മാതാവ് ശ്രീമതി. മൈമൂന.കെ, ഭാര്യ ശ്രീമതി. ഹബീബ.വി.പി, മകൻ ഹത്തീം എന്നിവരാണ്. മറ്റ് അവകാശികൾ അപേക്ഷകയ്ക്ക് ആശ്രിതനിയമനം നൽകുന്നതിന് സമ്മത പത്രം നൽകിയിട്ടുണ്ട്. അപേക്ഷകയുടെ ജനനത്തീയതി 10.07.1992 ആണ്. ടിയാൾക്ക് 29 വയസ്സ് പൂർത്തിയായിട്ടുള്ളതും എസ്.എസ്.എൽ.സി, പ്ലസ് ടു എന്നിവ പാസ്സായിട്ടുള്ളതുമാണ്. ടിയാളുടെ കുടുംബ വാർഷിക വരുമാനം 84,000/-രൂപയാണ്.

3. മേൽ സാഹചര്യത്തിൽ, വനം വന്യജീവി വകുപ്പിൽ കണ്ണൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ ക്ലർക്കായി സേവനത്തിലിരിക്കെ 26.03.2020ന് മരണപ്പെട്ട ശ്രീ. മഹറൂഫ്.കെയുടെ ഭാര്യ ശ്രീമതി. ഹബീബ.വി.പി.യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, ജോലി നൽകുന്നതുമായി ബന്ധപ്പെട്ട

സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും സീനിയോറിറ്റി സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾക്കും വിധേയമായി, കണ്ണൂർ ജില്ലയിൽ വനം വന്യജീവി വകുപ്പിൽ 23000-50200 രൂപ ശമ്പള സ്കെയിലിൽ, ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. കണ്ണൂർ ജില്ലയിൽ ഒഴിവ് നിലവിലില്ലാത്ത പക്ഷം ഒഴിവുള്ള ജില്ലയിൽ നിയമിക്കാവുന്നതും കണ്ണൂർ ജില്ലയിൽ ഒഴിവു വരുന്ന മുറയ്ക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ ടിയാൾക്ക് സ്ഥലംമാറ്റം അനുവദിക്കേണ്ടതുമാണ്.

4. അപേക്ഷകയുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിന് വിധേയമായി നിയമനം നൽകിക്കൊണ്ടുള്ള ഔപചാരികമായ ഉത്തരവ് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നൽകേണ്ടതാണ്.

5. ഈ നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പരേതന്റെ സേവനപുസ്തകത്തിലും ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷക ഏതെങ്കിലും വസ്തുതകൾ മനഃപൂർവ്വം മറച്ചു വച്ചതായും തെറ്റായ വിവരങ്ങൾ നൽകിയതായും ഏതെങ്കിലും അവസരത്തിൽ സർക്കാരിന് ബോദ്ധ്യമായാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ജില്ലാ കളക്ടർ, കാസർഗോഡ്.
ശ്രീമതി.ഹബീബ.വി.പി, വടക്കേകോവൽ(നിയർ), എ.ജി.കുളം, തൃക്കരിപ്പൂർ പി ഒ, കാസർഗോഡ്-671 310. (രജിസ്റ്റേർഡ് തപാൽ/മടക്കരസീത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ( എ & ഇ ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Noushad S**
**Date: 21-07-2022 15:16:20**
സെക്ഷൻ ഓഫീസർ.